**15 -ാം കേരള നിയമസഭ**

**2 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 2413** **02-08-2021 - ൽ മറുപടിയ്ക്ക്**

**മഞ്ചേരി-മംഗലശ്ശേരി ബൈപ്പാസ് നിർമ്മാണം**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. യു.എ.ലത്തീഫ് | | Shri P. A. Mohamed Riyas<br>(പൊതുമരാമത്ത്-വിനോദസഞ്ചാര വകുപ്പ് മന്ത്രി) | |
| (എ) | മഞ്ചേരി ബൈപ്പാസിനെ മംഗലശ്ശേരി റോഡുമായി ബന്ധിപ്പിക്കുന്ന പ്രവൃത്തിക്ക് മൂന്ന് കോടി രൂപ അനുവദിച്ചിരുന്നോയെന്ന് അറിയിക്കുമോ ; | (എ) | പ്രസ്തുത പ്രവൃത്തിക്കായി 2019-20 ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20% തുക വകയിരുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തി പുതിയ റോഡ് നിർമ്മാണമായതിനാൽ ആയതിന് വേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും അലൈൻമെന്റ് ചീഫ് എഞ്ചിനീയർ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി മുഴുവൻ ഫ്രീ സറണ്ടർ ആയി ലഭിക്കേണ്ടതിന് ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ അതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ടെങ്കിലും ചില ഭൂവുടമകൾ റോഡ് റീലിൻക്വിഷ്മെൻറ് ഫോമുകൾ ഒപ്പിട്ട് നൽകാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത തടസ്സങ്ങൾ മാറി എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമെ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുകയുള്ളു. |
| (ബി) | ഈ പ്രവൃത്തിയുടെ നിലവിലെ സ്ഥിതി എന്താണ്; പ്രവൃത്തി ഉടൻ ആരംഭിക്കാൻ കഴിയുമോ എന്ന് വിശദമാക്കാമോ? | (ബി) | പ്രസ്തുത പ്രവൃത്തിക്കായി 2019-20 ബഡ്ജറ്റിൽ എസ്റ്റിമേറ്റ് തുകയുടെ 20% തുക വകയിരുത്തിയിരുന്നു. പ്രസ്തുത പ്രവൃത്തി പുതിയ റോഡ് നിർമ്മാണമായതിനാൽ ആയതിന് വേണ്ടി ഇൻവെസ്റ്റിഗേഷൻ പ്രവൃത്തി പൂർത്തീകരിക്കുകയും അലൈൻമെന്റ് ചീഫ് എഞ്ചിനീയർ അംഗീകരിച്ച് നൽകുകയും ചെയ്തിട്ടുണ്ട്. റോഡ് നിർമ്മാണത്തിനാവശ്യമായ ഭൂമി മുഴുവൻ ഫ്രീ സറണ്ടർ ആയി ലഭിക്കേണ്ടതിന് ജനപ്രതിനിധികളുടെയും നാട്ടുകാരുടെയും നേതൃത്വത്തിൽ അതിനുള്ള ശ്രമങ്ങൾ നടത്തി വരുന്നുണ്ടെങ്കിലും ചില ഭൂവുടമകൾ റോഡ് റീലിൻക്വിഷ്മെൻറ് ഫോമുകൾ ഒപ്പിട്ട് നൽകാത്തതിനാൽ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ സാധിച്ചിട്ടില്ല. പ്രസ്തുത തടസ്സങ്ങൾ മാറി എസ്റ്റിമേറ്റ് |

| | | | |
|---|---|---|---|
| | | | തയ്യാറാക്കി സർക്കാരിൽ ലഭിക്കുന്ന മുറയ്ക്ക് മാത്രമെ പ്രവൃത്തിക്ക് ഭരണാനുമതി നൽകാൻ കഴിയുകയുള്ളു. |

സെക്ഷൻ ഓഫീസർ